REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു.**
- **ദേശീയപാത നിർമ്മാണത്തിൽ കേരളത്തിൽ ഇനി മേൽപ്പാലങ്ങൾ പില്ലറുകളിൽ മാത്രം പണിയുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അറിയിച്ചതായി BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ.**
- **ISRO PSLV -C-62 ഈ മാസം 12 ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും.**
- **നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.**
- **മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ PV സിന്ധു രണ്ടാം റൗണ്ടിൽ കടന്നു.**

## വാർത്തകൾ വിശദമായി

32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു. സ്വദേശി ശാസ്ത്ര പ്രസ്ഥാനവുമായി സഹകരിച്ച് ഇന്ന് മുതൽ മൂന്ന് ദിവസമാണ് പരിപാടി. ശാസ്ത്ര മേഖലയിലെ സമഗ്ര സംഭാവനക്ക് സ്വദേശി ശാസ്ത്ര പുരസ്കാരങ്ങൾ സമ്മേളനത്തിൽ സമ്മാനിക്കും.

വൈകീട്ട് നാല് മുതൽ അഞ്ച് വരെ കാഞ്ഞങ്ങാട് നടക്കുന്ന പൊതുപരിപാടിയിലും ഗവർണർ പങ്കെടുക്കും.

✪✪✪

ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി കേരളത്തിൽ ഇനി നിർമ്മിക്കുന്ന മേൽപ്പാലങ്ങൾ പില്ലറുകളിൽ പണിയുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അറിയിച്ചതായി BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. നിലവിലെ പാർശ്വഭിത്തി മാതൃകയ്ക്ക് പകരമാണ് പില്ലറുകളിൽ മേൽപ്പാലം വരുന്നത്. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് രാജീവ് ചന്ദ്രശേഖർ ഉന്നയിച്ച ആവശ്യങ്ങൾ ഗതാഗതമന്ത്രാലയം അംഗീകരിക്കുകയായിരുന്നു. തിരുവനന്തപുരം നഗരത്തിന് പുറമെ, ഔട്ടർ റിംഗ് റോഡ് പദ്ധതി ഫെബ്രുവരി - മാർച്ചിൽ പ്രഖ്യാപിക്കാനും കൂടിക്കാഴ്ചയിൽ തീരുമാനമായി.

പില്ലർ മേൽപ്പാല പദ്ധതിയിൽ ചിലവ് ഏറുമെങ്കിലും മണ്ണിട്ടുയർത്തി മേൽപ്പാലം നിർമ്മിക്കുന്ന രീതി കേരളത്തിലെ ദേശീയപാതാ നിർമ്മാണത്തിൽ ഉപേക്ഷിക്കാൻ ദേശീയ ഗതാഗത മന്ത്രാലയവും, ദേശീയപാത അതോറിറ്റിയും തീരുമാനിക്കുകയായിരുന്നു. ഓച്ചിറ അടക്കം പ്രദേശങ്ങളിലെ ജനങ്ങൾ മേൽപ്പാല നിർമ്മാണം പില്ലറുകളിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് രാജീവ് ചന്ദ്രശേഖറിന് നിവേദനം നൽകിയിരുന്നു.

തിരുവനന്തപുരം നിവാസികൾക്ക് പുതുവർഷ സമ്മാനമായി ഔട്ടർ റിംഗ് റോഡ്, മോദി ഗവൺമെന്റ് സമ്മാനിക്കുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

കോൺഗ്രസിന്റെ സ്ഥാനാർത്ഥിനിർണയ ചർച്ചകൾക്കായി കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി യോഗം ഈ മാസം 13,14 തിയതികളിൽ ചേരുമെന്ന് പാർട്ടി നേതൃത്വം വ്യക്തമാക്കി. ആദ്യഘട്ട സ്ഥാനാർത്ഥികളെ ഈ മാസത്തിനകം തീരുമാനിക്കും. അടുത്ത മാസം പകുതിയോടെ മുഴുവൻ സ്ഥാനാർത്ഥികളുടെയും ലിസ്റ്റ് പുറത്തിറക്കാനാണ് പാർട്ടി തീരുമാനം.

വരുംദിവസങ്ങളിൽ UDF ഘടകകക്ഷികൾക്കിടയിലെ സീറ്റ് വിഭജന ചർച്ചകൾ തുടങ്ങും. വിവിധ കക്ഷി നേതാക്കളുമായി പ്രാഥമിക ചർച്ചകൾ KPCC നേതൃത്വം അനൗപചാരികമായി പൂർത്തിയാക്കിക്കഴിഞ്ഞു. ഈ മാസം 20 നകം സീറ്റ് വിഭജന ചർച്ചകൾ പൂർത്തിയാകും.

✪✪✪

തമിഴ്നാട്ടിൽ പാട്ടാളി മക്കൾ കക്ഷി, NDA യിൽ ചേരുമെന്ന് തമിഴ്നാട് മുൻമുഖ്യമന്ത്രിയും, അണ്ണാ DMK നേതാവുമായ എടപ്പാടി പളനിസ്വാമി

സ്ഥിരീകരിച്ചു. 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ അവർ NDA സഖ്യത്തിന്റെ ഭാഗമാകുമെന്നും അദ്ദേഹം ചെന്നൈയിൽ പറഞ്ഞു. വാർത്താസമ്മേളനത്തിൽ PMK നേതാവ് അൻപുമണി രാമദാസും പങ്കെടുക്കും. കൂടുതൽ കക്ഷികൾ NDA യിലേക്ക് എത്തുമെന്ന് എടപ്പാടി പളനിസ്വാമി പറഞ്ഞു.

✪✪✪

ISRO PSLV -C-62 ദൗത്യം ഈ മാസം 12 ന്. ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ നിന്ന് രാവിലെ 10.17 ന് EOS N-1 ഇമേജിംഗ് ഉപഗ്രഹത്തെ ദൗത്യത്തിൽ വിക്ഷേപിക്കും. രാജ്യരക്ഷാ- ഗവേഷണ വികസന സംഘടന- DRDO യ്ക്ക് വേണ്ടിയാണ് വിക്ഷേപണം. ഇതോടൊപ്പം ഇന്ത്യയിലെയും വിദേശത്തെയും 18 ചെറു ഉപഗ്രഹങ്ങളും ദൗത്യത്തിൽ വിക്ഷേപിക്കും.

✪✪✪

ഡൽഹിയിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം കെട്ടിടം പൊളിച്ചുമാറ്റുന്നതിനിടെ പൊലീസിനെ കല്ലെറിഞ്ഞ അഞ്ചു പേരെ അറസ്റ്റു ചെയ്തു. അഞ്ചു പൊലീസുകാർക്കാണ് പരിക്കേറ്റത്. കലാപം, ഗവൺമെന്റ് ജീവനക്കാർക്കെതിരായ ആക്രമണം, കൃത്യനിർവഹണം തടസ്സപ്പെടുത്തൽ തുടങ്ങിയ വകുപ്പുകൾ ചേർത്താണ് FIR ഫയൽ ചെയ്തതെന്ന് ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ അറിയിച്ചു.

✪✪✪

ഇന്ത്യൻ കോസ്റ്റ് ഗാർഡ് കപ്പൽ, സമുദ്ര പ്രതാപ് ഗോവയിൽ കമ്മീഷൻ ചെയ്തതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. സ്വാശ്രയത്വം എന്ന കാഴ്ചപ്പാടിന് ശക്തി പകരുന്നതുൾപ്പെടെ നിരവധി കാരണങ്ങളാൽ കപ്പൽ ശ്രദ്ധേയമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. കപ്പൽ രാജ്യത്തിന്റെ സുരക്ഷാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും, സുസ്ഥിരതയും പ്രതിബദ്ധതയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പത്താം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികൾക്കും റോബോട്ടിക്സ് പരിശീലനം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ നാലര ലക്ഷത്തോളം കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ഈ മാസം 15 നകം എല്ലാ സ്കൂളുകളിലും റോബോട്ടിക് ശില്പശാലകൾ പൂർത്തിയാക്കും.

✪✪✪

നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്‌സ് ഏർപ്പെടുത്തിയ ചേംബർ അവാർഡ്, നാളെ രാവിലെ കണ്ണൂർ ചേമ്പർ ഹാളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ വിതരണം ചെയ്യും. C സദാനന്ദൻ മാസ്റ്റർ M P മുഖ്യാതിഥിയാവും.

✪✪✪

ഇന്നലെ അന്തരിച്ച മുൻ മന്ത്രിയും, മുസ്‌ലിംലീഗ് നേതാവുമായ V.K.ഇബ്രാഹിംകുഞ്ഞിന്റെ ഖബറടക്കം ഔദ്യോഗിക ബഹുമതിയോടെ എറണാകുളം ആലങ്ങാട് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തി. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ വൈകീട്ടായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം നിയമസഭാ സമുച്ചയത്തിലെ R ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സ്പീക്കർ എ. എൻ. ഷംസീർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ആധുനിക മലയാള സാഹിത്യത്തിന് നിസ്തുല സംഭാവനകൾ നൽകിയ NS മാധവന് ഈ വർഷത്തെ നിയമസഭാ പുരസ്കാരം മുഖ്യമന്ത്രി സമ്മാനിച്ചു.

✪✪✪

ഫെബ്രുവരി 14 ന് ഇന്ത്യൻ സൂപ്പർ ലീഗ് ആരംഭിക്കുമെന്ന് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. ഗവണ്മെന്റും അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷനും ക്ലബ് പ്രതിനിധികളും ഉൾപ്പെട്ട സംയുക്ത യോഗത്തിന് ശേഷമാണ് മാണ്ഡവ്യ ഇക്കാര്യം അറിയിച്ചത്.

ഹോം-എവേ അടിസ്ഥാനത്തിൽ 91 ലീഗ് മത്സരങ്ങളാണ് ഉണ്ടാവുക. വരും ആഴ്ചകളിൽ ക്ലബ്ബുകൾ അന്തിമ ഷെഡ്യൂളുകൾ തയ്യാറാക്കും.

✪✪✪

സംസ്ഥാനത്ത് ജില്ലാ സ്‌പോർട്‌സ് കൗൺസിലുകളിൽ പുതുതായി സ്ഥാനമേറ്റ ഭാരവാഹികളുടെ കോൺക്ലേവ്, മന്ത്രി V അബ്ദുറഹിമാൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ജില്ലാ സ്‌പോർട്‌സ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും, ഗവൺമെന്റിന്റെ കായിക നയം ഫലപ്രദമായി നടപ്പാക്കാനും ലക്ഷ്യമിട്ടാണ് കോൺക്ലേവ്.

✪✪✪

സൂക്ഷ്മ ജലസേചന സംവിധാനം വ്യാപിപ്പിക്കുന്നതിന് തയ്യാറാക്കിയ വെബ് പോർട്ടൽ മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്തു. 'Per drop, more crop' പദ്ധതി വിപുലീകരിക്കാനാണ് പോർട്ടൽ തയ്യാറാക്കിയത്. സൂക്ഷ്മ ജലസേചന സംവിധാനത്തിന് ചെറുകിട നാമമാത്ര കൃഷിക്കാർക്ക് 55 ശതമാനവും, മറ്റു വിഭാഗങ്ങൾക്ക് 45 ശതമാനവും ഗവൺമെന്റ് സബ്സിഡി ലഭിക്കും. ഇതിന് നേരിട്ടോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ പോർട്ടലിൽ അപേക്ഷ നൽകാവുന്നതാണ്.

✪✪✪

KPCC വയനാട് ക്യാമ്പ് തീരുമാനങ്ങൾ വിശദീകരിക്കാൻ കോഴിക്കോട് DCC ജനറൽ ബോഡി യോഗം ഉച്ചയ്ക്ക് ശേഷം ഉമ്മൻ ചാണ്ടി ഓഡിറ്റോറിയത്തിൽ ചേരും. KPCC മെമ്പർമാർ, DCC ഭാരവാഹികൾ, ബ്ലോക്ക് പ്രസിഡന്റുമാർ, DCC എക്സിക്യൂട്ടീവ് അംഗങ്ങൾ, മണ്ഡലം പ്രസിഡന്റുമാർ, പോഷക സംഘടനാ പ്രസിഡന്റുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം ഒളിമ്പ്യൻ PV സിന്ധു രണ്ടാം റൗണ്ടിൽ കടന്നു. ചൈനീസ് തായ്പേയിയുടെ സുങ് ഷുവോ യുണിനെയാണ് സിന്ധു പരാജയപ്പെടുത്തിയത്. എട്ടാം സീഡായ സിന്ധു, അടുത്ത റൗണ്ടിൽ ജപ്പാന്റെ ടോമോക മിയാസാക്കിയെ നേരിടും.

✪✪✪

69-ാമത് ദേശീയ സ്കൂൾ ഗെയിംസ് പഞ്ചാബിലെ ലുധിയാനയിൽ ആരംഭിച്ചു. ഗുരുനാനാക് സ്റ്റേഡിയത്തിൽ ഇന്നലെ ആരംഭിച്ച ഗെയിംസിൽ ജൂഡോ, തായ്കോണ്ടോ, ഗട്ക മത്സരങ്ങൾ ഇന്ന് നടത്തും. ഗെയിംസ് ഈ മാസം 11 ന് അവസാനിക്കും.

✪✪✪

കോഴിക്കോട് കോർപറേഷൻ മൈതാനത്തിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട പഠനത്തിന് ഇന്ന് വിദഗ്ധ സംഘമെത്തും. ഇന്ത്യൻ സൂപ്പർക്രോസ് റെയ്സിംഗ് ലീഗിന് ശേഷം പ്രതിസന്ധിയിലായ മൈതാനം, ഗോഹട്ടിയിൽ നിന്നെത്തുന്ന വിദഗ്ധ സംഘമാണ് പരിശോധിക്കുക. മൈതാനത്തിന്റെ പുനർനിർമ്മാണം എങ്ങനെ വേണമെന്ന് പഠിക്കാൻ, ജില്ലാ ഫുട്ബോൾ

അസോസിയേഷനെ, കോർപറേഷൻ മേയർ കഴിഞ്ഞ ദിവസം വിളിച്ചുചേർത്ത യോഗം ചുമതലപ്പെടുത്തിയിരുന്നു.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 480 രൂപ വർദ്ധിച്ച് 1,02,280 രൂപയായി. ഗ്രാമിന് 12,785 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

ചന്ദ്രിക ദിനപത്രത്തിന്റെ തിരുവനന്തപുരം ചീഫ് ഫോട്ടോഗ്രാഫർ K. ഗോപകുമാർ കാരയ്ക്കാമണ്ഡപത്തിനു സമീപം വാഹനാപകടത്തിൽ മരിച്ചു. 58 വയസായിരുന്നു. ഗോപകുമാർ സഞ്ചരിച്ചിരുന്ന ബൈക്കിൽ KSRTC ബസ് ഇടിക്കുകയായിരുന്നു. ഒപ്പമുണ്ടായിരുന്ന ഭാര്യ ബിന്ദുവിന് പരുക്കേറ്റു. ഗോപകുമാറിന്റെ ഭൗതികദേഹം ഇപ്പോൾ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റും CPIM നേതാവുമായ A പത്മകുമാറിന്റെ ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി തള്ളി. ദ്വാരപാലക ശിൽപ കേസിൽ സമർപ്പിച്ച ജാമ്യാപേക്ഷയാണ് കോടതി നിരസിച്ചത്. കട്ടിളപ്പാളി കേസിൽ പത്മകുമാറിന്റെ ജാമ്യാപേക്ഷ വിജിലൻസ് കോടതിയും ഹൈക്കോടതിയും നേരത്തെ തള്ളിയിരുന്നു.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിലെ സ്വർണ്ണ കപ്പ് പ്രയാണം കാസർഗോഡ് നിന്ന് ആരംഭിച്ചു. മൊഗ്രാൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നാണ് സ്വർണ കപ്പ് യാത്ര ആരംഭിച്ചത്. ചെമ്മനാട് CJHSS ലും, ഹോസ്ദുർഗ് GHSS ലും എത്തി, അവിടെനിന്നും കരിവെള്ളൂർ AVSG VHSS ൽ എത്തുന്നതോടെ സ്വർണകപ്പ് ജില്ലാ അതിർത്തി കടക്കും.

ഈ മാസം 14 മുതൽ 18 വരെ തൃശൂരിലാണ് സംസ്ഥാന സ്കൂൾ കലോത്സവം നടത്തുന്നത്.

✪✪✪

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കുഷ്ഠരോഗനിർണയ ക്യാമ്പയിൻ 'അശ്വമേധം 7.0 വിന് തുടക്കമായി. ഭവനസന്ദർശനം നടത്തി കുഷ്ഠരോഗികളെ കണ്ടെത്തി കൃത്യമായ ചികിത്സ ഉറപ്പാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കണ്ണൂർ ജില്ലയിൽ  ആറ് ലക്ഷത്തി 99,758 വീടുകളാണ് ആരോഗ്യ പ്രവർത്തകർ സന്ദർശിക്കുക. 1,978 ടീമുകളിലായി 3,956 സന്നദ്ധ പ്രവർത്തകർ ഫ്‌ളാഷ് കാർഡിന്റെ സഹായത്തോടെ കുഷ്ഠരോഗ നിർണയത്തിന്  വീടുകളിൽ എത്തും.

കോഴിക്കോട് ജില്ലാതല ഉദ്ഘാടനം രാമനാട്ടുകര കുടുംബാരോഗ്യ കേന്ദ്രത്തിൽ നഗരസഭ ചെയർപേഴ്സൺ കല്ലട മുഹമ്മദലി നിർവഹിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs:  അനിൽ ചന്ദ്രൻ, ശരണ്യ രാജൻ*
*DEO : ഷീബ*